Draft #2 of File 21028/P&D 2-2/2024/P&D 2 (PART-I) Approved by ASSISTANT REGISTRAR III (ADMIN) on 12-Mar-2025 11:30 AM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.സുബില കെ.ബി പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ ആയ SERB റിസർച്ച് പ്രോജക്റ്റുമായി ബന്ധപ്പെട്ട് Closed Space Sublimation Unit ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിന് കസ്റ്റംസ് ഡ്യൂട്ടി ഇനത്തിൽ അടയ്ക്കേണ്ട 4,39,860/- രൂപ (നാല് ലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി എണ്ണൂറ്റിയറുപത് രൂപ മാത്രം) സർവ്വകലാശാലയിൽ നിന്നും അനുവദിക്കണമെന്ന അപേക്ഷ - 21.02.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പ്ലാനിംഗ് & ഡവലപ്‌മെന്റ് 2**

നമ്പർ. 2293/P&D 2/2025/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 12.03.2025

---

*പരാമർശം:*-1. ഡോ.സുബില കെ.ബി, അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, 09.12.2024 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

2. 21.02.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് (ഇനം നം:107/25.02/21028/P&D 2-2/2024 (PART -1).

**ഉത്തരവ്**

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.സുബില കെ.ബി പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ ആയ "Design and development of low cost synthetic strategies and Investigation of defect tolerance properties of inorganic semiconductors for semiconductor sensitized solar cell (SSSc) applications" എന്ന റിസർച്ച് പ്രോജക്റ്റിന് SERB ഭരണാനുമതി നൽകിയിരുന്നു. പ്രോജക്റ്റിന്റെ ആദ്യ ഗഡുവായി SERB അനുവദിച്ച 37,80,000/- രൂപയിൽ നിന്നും 1,58,240/- രൂപ ഓവർഹെഡ് ഇനത്തിൽ സർവ്വകലാശാല അക്കൗണ്ടിൽ നിലനിർത്തി, ബാക്കി തുകയായ 36,21,760/- രൂപ (മുപ്പത്തിയാറ് ലക്ഷത്തി ഇരുപത്തൊന്നായിരത്തി എഴുനൂറ്റി അറുപത് രൂപ മാത്രം) പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്ററുടെ പേരിലുള്ള അക്കൗണ്ടിലേക്ക് കൈമാറിയിരുന്നു.

പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്ററുടെ അക്കൗണ്ടിലേക്ക് കൈമാറിയ 36,21,760/- രൂപയിൽ (മുപ്പത്തിയാറ് ലക്ഷത്തി ഇരുപത്തൊന്നായിരത്തി എഴുനൂറ്റി അറുപത് രൂപ മാത്രം), 30,00,000/- രൂപ (മുപ്പത് ലക്ഷം രൂപ മാത്രം) പ്രോജക്റ്റുമായി ബന്ധപ്പെട്ട Equipment (Spin Coating Unit, CSS Unit, Glove Box) വാങ്ങുന്നതിനാണ് SERB വകയിരുത്തിയിരിക്കുന്നത്. എന്നാൽ പ്രോജക്റ്റുമായി ബന്ധപ്പെട്ട് Closed Space Sublimation Unit ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിന് കസ്റ്റംസ് ഡ്യൂട്ടി ഇനത്തിൽ (After Availing Duty Exemption) 4,39,860/- രൂപ (നാല് ലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി എണ്ണൂറ്റിയറുപത് രൂപ മാത്രം) അടയ്ക്കേണ്ടി വരുമെന്നും, Equipment വാങ്ങുന്നതിന് SERB അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചതിനാൽ കസ്റ്റംസ് ഡ്യൂട്ടി ഇനത്തിൽ അടയ്ക്കേണ്ട തുക സർവ്വകലാശാലയിൽ നിന്നും അനുവദിക്കണമെന്നും ടിയാൾ അപേക്ഷിച്ചിരുന്നു.

ഡോ. സുബില കെ.ബി പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ ആയ DST SERB പ്രോജക്റ്റിന്റെ ഭാഗമായി Closed Space Sublimation Unit ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിന് കസ്റ്റംസ് ഡ്യൂട്ടി ഇനത്തിൽ അടയ്ക്കേണ്ട 4,39,860/- രൂപ (നാല് ലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി എണ്ണൂറ്റിയറുപത് രൂപ മാത്രം) സർവ്വകലാശാലയിൽ നിന്നും അനുവദിക്കുന്നതിന് സർവ്വകലാശാലയുടെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചുകൊണ്ടുള്ള നയപരമായ തീരുമാനം ആവശ്യമായതിനാൽ, വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് 18.01.2025 തീയതിയിൽ ബഹു. വൈസ് ചാൻസലർ ഉത്തരവാകുകയുണ്ടായി.

21.02.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം, പരാമർശം (2) പ്രകാരം,"സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.സുബില കെ.ബി പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ ആയിട്ടുള്ള "Design and development of low cost synthetic strategies and Investigation of defect tolerance properties of inorganic semiconductors for semiconductor sensitized solar cell (SSSc) applications" എന്ന SERB റിസർച്ച് പ്രോജക്റ്റുമായി ബന്ധപ്പെട്ട് Closed Space Sublimation Unit ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിന് കസ്റ്റംസ് ഡ്യൂട്ടി ഇനത്തിൽ അടയ്ക്കേണ്ട 4,39,860/- രൂപ (നാല് ലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി എണ്ണൂറ്റിയറുപത് രൂപ മാത്രം), ടി പ്രോജക്റ്റിന് തുടർന്ന് ലഭിക്കുന്ന തുകയിൽ നിന്നും സർവ്വകലാശാലയിലേക്ക് തിരികെ അടയ്ക്കണമെന്ന നിബന്ധനയോടെ അനുവദിക്കുന്നതിന് തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശശികല എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 3 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി.
2. രജിസ്ട്രാർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
3. എസി. സി 1 സെക്ഷൻ
4. ഡോ.സുബില കെ.ബി, അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്.
5. AR III (Admn) / DR (P&D)/ JR I (Admn.)
6. എഡി.ബി 4/ഓഡിറ്റ് 5/ഐ.റ്റി സെൽ/യൂണിവേഴ്സിറ്റി വെബ്സൈറ്റ്/ റെക്കോർഡ്സ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 21028/P&D 2-2/2024/P&D 2 (PART-I) Approved by ASSISTANT REGISTRAR III (ADMIN) on 12-Mar-2025 11:30 AM - Page 2